(ബി) എന്തെല്ലാം ക്രമക്കേടുകളാണ് വിജിലൻസ് അന്വേഷണത്തിന്റെ പരിധിയിൽ വരുന്നതെന്ന് വിശദമാക്കുമോ;

(സി) ഇത് സംബന്ധിച്ച് പരാതിയിൽ എഫ്.ഐ.ആർ. സമർപ്പിച്ചിട്ടുണ്ടോ;

(ഡി) കേസിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 18-12-2014-ൽ വി.സി. 3/14/എസ്.സി.ടി. നമ്പറിൽ ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 6/1999 മുതൽ 2/2001 വരെയുള്ള കാലയളവിൽ ശ്രീ.വി.എ. അരുൺകുമാർ കയർഫെഡ് എം.ഡി. ആയിരിക്കെ, ചേർത്തലയിൽ കയർഫെഡിന് വേണ്ടിയുള്ള ഗോഡൗൺ നിർമ്മാണവുമായി ബന്ധപ്പെട്ട് സർക്കാരിന് നഷ്ടം വരുത്തി എന്ന ആരോപണമാണ് അന്വേഷിക്കുന്നത്.

(സി) പ്രസ്തുത വിജിലൻസ് കേസിന്റെ പ്രഥമവിവരറിപ്പോർട്ട് 18-12-2014 -ൽ തിരുവനന്തപുരം വിജിലൻസ് കോടതിയിൽ സമർപ്പിച്ചു.

(ഡി) പ്രസ്തുത കേസന്വേഷണം പുരോഗമിച്ചുവരുന്നു.

വി. എ. അരുൺകുമാറിനെതിരെയുള്ള വിജിലൻസ് അന്വേഷണങ്ങൾ

334 (312) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വി.എ. അരുൺകുമാറിനെതിരെ വിജിലൻസ് എത്ര അന്വേഷണങ്ങൾ നടത്തിയിട്ടുണ്ട്;

(ബി) എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു; ഓരോ കേസ്സും രജിസ്റ്റർ ചെയ്ത തീയതി വ്യക്തമാക്കുമോ;

(സി) കെ.പി.പി. നമ്പ്യാരുടെ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ അരുൺകുമാറിനെതിരെ അന്വേഷണം നടത്തിയിട്ടുണ്ടോയെന്നും കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ടോയെന്നും എങ്കിൽ എന്നായിരുന്നു എന്നും അറിയിക്കുമോ:

(ഡി) ഈ കേസ്സുകളിൽ അന്വേഷണം നീണ്ടുപോകുന്നതിന്റെ കാരണം വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അഞ്ച് വിജിലൻസ് അന്വേഷണങ്ങൾ നടത്തി പൂർത്തിയാക്കുകയും രണ്ട് വിജിലൻസ് അന്വേഷണങ്ങൾ നടന്നുവരികയും ചെയ്യുന്നു.

(ബി) രണ്ട് കേസ്സുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നു.

1. വി.സി.3/2014/ എസ്.സി.റ്റി.18-12-2014-ൽ രജിസ്റ്റർ ചെയ്തു.

2. വി.സി.01/2015/എസ്.ഐ.യു.-II 20-4-2015 -ൽ രജിസ്റ്റർ ചെയ്തു.

(സി) ശ്രീ. വി. എ. അരുൺകുമാറിനെതിരെയുള്ള വിവിധ ആരോപണങ്ങളെക്കുറിച്ച് വി.ഇ.4-2011/എസ്.സി.റ്റി നമ്പരിൽ നടത്തുന്ന വിജിലൻസ് അന്വേഷണത്തിൽ ശ്രീ. കെ. പി. പി. നമ്പ്യാരോട് കണ്ണൂർ പവർ പ്രോജക്ടിന്റെ മൊത്തം തുകയായ 1500 കോടി രൂപയുടെ 5% ആയ 75 കോടി രൂപ ശ്രീ. വി. എ. അരുൺകുമാർ ആവശ്യപ്പെട്ടു എന്ന ആരോപണവും ഉൾപ്പെട്ടിട്ടുണ്ട്. ഈ വിജിലൻസ് അന്വേഷണം പൂർത്തിയാക്കി സമർപ്പിച്ച റിപ്പോർട്ട് സൂക്ഷ്മ പരിശോധനയിലാണ്.

1. വി.സി.3/2014/എസ്.സി.റ്റി. നമ്പർ കേസിന്റെ അന്വേഷണം അന്തിമ ഘട്ടത്തിലാണ്.

2. വി.സി. 1/2015 എസ്.ഐ.യു-II -ൽ ശ്രീ. വി. എ. അരുൺകുമാറിന്റെ നിയമനവുമായി ബന്ധപ്പെട്ട സെലക്ഷൻ കമ്മിറ്റി അംഗങ്ങൾ കേരളത്തിന് പുറത്തായതിനാൽ ഇവരിൽനിന്നും മൊഴി രേഖപ്പെടുത്താൻ കഴിയാത്തതു കാരണമാണ് കാലതാമസം നേരിടുന്നത്.

ബാർ കോഴ

335 (313) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ ധനമന്ത്രി ഒന്നാം പ്രതിയായിരുന്ന ബാർ കോഴ കേസിൽ, വിജിലൻസ് റിപ്പോർട്ട് തള്ളികളഞ്ഞുകൊണ്ട്, തിരുവനന്തപുരം വിജിലൻസ് സ്പെഷ്യൽ കോടതി നിർദ്ദേശിച്ചത് പ്രകാരമുള്ള തുടർ നടപടി അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്;